"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- വാർഷികപദ്ധതി - 2026-27 - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- ഗ്രാന്റ്-ഇൻ-എയ്ഡ്- തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.21/2026/HSG തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. 05.06.2026-ലെ സ. ഉ. (സാധാ) നം.16/2026/HSG
2. 22.07.2026-ലെ ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/119/2026-AF1 നമ്പർ കത്ത്.

2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പദ്ധതിയേതര ശീർഷകമായ 2216-80-103-99-01-36-ൽ ഗ്രാന്റ് ഇൻ എയ്ഡ് ആയി 92.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ശമ്പളേതര ആവശ്യങ്ങൾ കൂടാതെ ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവയുൾപ്പടെയുള്ള കണ്ടിജന്റ് ചെലവുകൾക്കും ഈയിനത്തിൽ നിന്നുമാണ് തുക വിനിയോഗിക്കുന്നത്.

2. പരാമർശം 1-ലെ ഉത്തരവ് പ്രകാരം 18,50,000/- രൂപ ആദ്യ ഗഡുവായി അനുവദിച്ചു നല്കിയിട്ടുണ്ട്. ബാക്കി ലഭ്യമായ 74 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കണമെന്ന് പരാമർശം 2 പ്രകാരം ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർ ഷം, 2216-80-103-99-01-36- ഗ്രാന്റ് ഇൻ എയ്ഡ് – ശമ്പളേതരം എന്ന ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി ₹18,50,000/- (പതിനെട്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്, ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29/08/2009-ലെ സർക്കുലർ നം. 75/2009/ധന, 09/12/2008-ലെ സർക്കുലർ നം. 84/2008/ധന എന്നിവയിലെ വ്യവസ്ഥകൾ വ്യവസ്ഥകൾ കൃത്യമായി

പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും **09.01.2020**-ലെ സ.ഉ. (കൈ) നം. **4/2020**/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്കു തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. ധനകാര്യ (പി. യു. സി) വകുപ്പ് (**3515095/PU-C3/69/2026- FIN 17/8/2026**)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnakumar S
Date: 21-08-2026
16:46:17
സെക്ഷൻ ഓഫീസർ